രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

12 (5144) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിക്കായി കേന്ദ്ര സഹായ മായി എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

8.93 കോടി രൂപ (എട്ട് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ).

സ്പോർട്സ് കമ്മീഷന്റെ ശുപാർശകൾ.

13 (5145) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ എൽ. പി. തലം മുതൽ പ്ലസ് ടൂ വരെ എന്തെല്ലാം പരിപാടികൾ നടപ്പാക്കാനാണ് സ്പോർട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത് ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സ്ക്കൂൾ വിദ്യാഭ്യാസത്തിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ നടപ്പിൽ വരുത്താനാണുദ്ദേശിക്കുന്നത് ;

(സി) നടപ്പ് അദ്ധ്യയന വർഷത്തിൽ സ്പോർട്സ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള എന്തെല്ലാം പരിപാടികളാണ് പ്രയോഗത്തിൽ വരുത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) 2010-2011 സാമ്പത്തിക വർഷം കമ്മീഷന്റെ ശുപാർശകൾ സ്ക്കൂളു കളിൽ നടപ്പാക്കുന്നതിന് അധികമായി എത്ര തുക നീക്കിവച്ചെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly